# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 651 24.01.2018-ൽ മറുപടിക്ക്**

## മറയൂർ 33 കെ.വി സബ് സ്റ്റേഷൻ

| | ചോദ്യം<br>ശ്രീ. എസ്.രാജേന്ദ്രൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ദേവികുളം നിയോജകമണ്ഡലത്തിലെ മറയൂർ 33 കെ.വി സബ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എതുവരെയായിയെന്ന് വ്യക്തമാക്കുമോ; | (എ) | ദേവികുളം നിയോജക മണ്ഡലത്തിലെ മറയൂർ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിയ്ക്കുന്നതിനായുള്ള സ്ഥലത്തുണ്ടായിരുന്ന മരങ്ങൾ വെട്ടി മാറ്റി സ്ഥലം നിരപ്പാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. മറ്റ് നിർമ്മാണ പ്രവർത്തികൾ ക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നില നിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. നിലവിലുള്ള ഭരണാനുമതി പ്രകാരം പള്ളിവാസൽ പവർ ഹൗസിൽ നിന്നും 6 കി.മീ 66 കെ.വി ലൈൻ വലിച്ച് മൂന്നാറിൽ ടാറ്റാ കമ്പനിയിൽ നിന്നും ലഭ്യമാകുന്ന സ്ഥലത്ത് ഒരു 66/33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുകയും ഈ സബ് സ്റ്റേഷനിൽ നിന്നും രണ്ടു 33 കെ.വി ഫീഡറുകൾ മൂന്നാർ-മറയൂർ റോഡിലൂടെ വലിച്ച് മറയൂർ സബ്സ്റ്റേഷനിൽ എത്തിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ മൂന്നാറിൽ 66 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ എന്ത് തടസ്സമാണെന്ന് വ്യക്തമാക്കുമോ; | (സി) | ടാറ്റാ കമ്പനി 66 കെ.വി സബ്സ്റ്റേഷന് അനുയോജ്യമായ ലക്ഷ്മി എസ്റ്റേറ്റിൽപ്പെട്ട സ്ഥലം കൈമാറുന്നതിന് ചില സാങ്കേതിക തടസ്സങ്ങളും സുപ്രീം കോടതിയിൽ നിലവിലുള്ള ചില വ്യവഹാരങ്ങളും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ആയതിന്റെ പ്രവർത്തനം എന്ന് തുടങ്ങാനാകുമെന്ന് വ്യക്തമാ ക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ